## 08-03-2022 തീയ്യതിയിലെ അടിയന്തിര കൗൺസിൽ യോഗത്തിലെ ഹാജറും തീരുമാനങ്ങളും

ഹാജർ:-

സർവ്വശ്രീ അഡ്വ: മാർട്ടിൻ ജോർജ്, കെ. സീത, എ.കുഞ്ഞമ്പു, വി.കെ.ഷൈജു, ബിബി, അഡ്വ. പി. ഇന്ദിര, സുകന്യ.എൻ, ടി. രവീന്ദ്രൻ, കുക്കിരി രാജേഷ്, സുനിഷ. സി, പനയൻ ഉഷ, എം. ശകുന്തള, സുമയ്യ പി.കെ, ശ്രീജ ആരംഭൻ, കെ. പി അബ്ദുൾ റസാഖ്, കെ. പ്രദീപൻ, ശ്രീലത.വി.കെ., മിനി അനിൽകുമാർ, കെ നിർമ്മല, പി പി വത്സലൻ, ധനേഷ് മോഹൻ, ഷാഹിന മൊയ്തീൻ, ഇ.ടി സാവിത്രി, സരസ കെ. എം, എസ്. ഷഹീദ, പി. കെ. സാജേഷ് കുമാർ, കെ പി രജനി, വി. ബാലകൃഷ്ണൻ, അഡ്വ. ടി. ഒ മോഹനൻ, കെ. വി സവിത, ഫിറോസഹാഷിം, പി വി കൃഷ്ണകുമാർ, ബിജോയ് തയ്യിൽ, കെ വി അനിത, കെ എൻ മിനി, സയ്യിദ് സിയാദ് തങ്ങൾ, ആസിമ.സി. എച്ച്, മുസ്ലിഹ് മഠത്തിൽ, അഷ്റഫ്. പി, സി. എം. പത്മജ, കെ. ഷബീന ടീച്ചർ, എം പി രാജേഷ്, സുരേഷ് ബാബു എളയാവൂർ, ഷമീമ ടീച്ചർ, കെ. എം. സാബിറ ടീച്ചർ, കെ. സുരേഷ്,. പി വി ജയസൂര്യൻ, കെ. പി റാഷിദ്, കെ പി അനിത

കൗൺസിൽ യോഗം ബഹു: മേയർ അഡ്വ. ടി. ഒ മോഹനന്റെ അദ്ധ്യക്ഷതയിൽ കൃത്യ സമയത്ത് ആരംഭിച്ചു. ചുവടെ ചേർത്ത അനുശോചന പ്രമേയം ബഹു. മേയർ അവതരിപ്പിച്ചു.

### അനുശോചന പ്രമേയം

കേരളത്തിലെ ജനങ്ങൾക്കിടയിൽ ജാതി മത രാഷ്ട്രീയ വേലിക്കെട്ടുകൾക്കപ്പുറത്ത് ഐക്യത്തിനും സഹിഷ്ണുതക്കുംവേണ്ടി നിലകൊണ്ട വ്യക്തിയായിരുന്നു അന്തരിച്ച പാണക്കാട്ട് ഹൈദരലി ശിഹാബ് തങ്ങൾ.

രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൻമാർ പരസ്പരം ആരോപണം ഉന്നയിച്ചു കലഹിക്കേണ്ടവരാണ് എന്ന രീതി മാറി സൗമ്യ സാന്നിദ്ധ്യമായി ഒരു പ്രസ്ഥാനത്തെ ദീർഘകാലം നയിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹം. അധികാര രാഷ്ട്രീയത്തിന്റെ ഭാഗമാകാതെ, ആരോപണങ്ങൾക്ക് ഇട നൽകാതെ ധരിച്ചിരിക്കുന്ന തൂവള്ള വസ്ത്രം പോലെ നന്മയും വിശുദ്ധിയും ജീവിതങ്ങളിലുടനീളം കാഴ്ച വെക്കാൻ തങ്ങൾക്ക് സാധിച്ചു.

അദ്ദേഹത്തിന്റെ നിര്യാണം കേരള സമൂഹത്തിൽ സൃഷ്ടിക്കുന്ന ശൂന്യത വളരെ വലുതാണ്. ഹൈദരലി ശിഹാബ് തങ്ങളുടെ വേർപാടിൽ ഈ കൗൺസിൽ യോഗം അഗാധമായ ദുഖം രേഖപ്പെടുത്തുന്നതൊടൊപ്പം സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

അനുശോചന പ്രമേയം കൗൺസിൽ ഐക്യകണ്ഠേന അംഗീകരിച്ചു.

അജണ്ട പ്രകാരമുള്ള വിഷയങ്ങളിൽ ചുവടെ ചേർത്ത തീരുമാനങ്ങളെടുത്തു.

### തീരുമാനം

1. കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന്റെ 2021-22 വാർഷിക പദ്ധതി ഭേദഗതിയുമായി ബന്ധപ്പെട്ട് ഇതിനോടനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റിലെ പട്ടിക എ യിൽ കാണിച്ചിരിക്കുന്ന പ്രോജക്ടുകൾ ഒഴിവാക്കേണ്ടത് അനിവാര്യമായതിനാൽ ഒഴിവാക്കുന്നതിനും പട്ടിക ബി യിൽ കാണിച്ചിരിക്കുന്ന പ്രോജക്ടുകൾ ഭേദഗതി നടത്തേണ്ടത് അനിവാര്യമായതിനാൽ ഭേദഗതി നടത്തുന്നതിനും പട്ടിക സി യിൽ കാണിച്ചിരിക്കുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടത് അനിവാര്യമായതിനാൽ ഉൾപ്പെടുത്തുന്നതിനും ആയതിന് മേൽ അധികാരിയുടെ അംഗീകാരം വാങ്ങുന്നതിനും ടി പ്രോജക്ടുകൾ ഒഴിവാക്കൽ, ഭേദഗതി, കൂട്ടിച്ചേർക്കൽ എന്നിവക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനും തീരുമാനിച്ചു. ലിസ്റ്റ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥരെ മാറ്റുന്നതിനും തീരുമാനിച്ചു. ആയത് പ്രകാരം പ്രോജക്ട് നമ്പർ 790/22 ന്റെ നിർവ്വഹണ ഉദ്യോഗസ്ഥയായി പള്ളിക്കുന്ന് പി എച്ച് സി മെഡിക്കൽ ഓഫീസറെയും. പ്രോജക്ട് നമ്പർ 907/22 ന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് സൂപ്പർവൈസറേയും ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

മേയർ